# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3688 23.08.2017-ൽ മറുപടിയ്ക്ക്

**കെ.എസ്.എഫ്.ഇ.യിൽ ഈടായി വെക്കുന്ന വസ്തുവിന്റെ മൂല്യനിർണ്ണയം**

| ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ.യിൽ ഈട് വെക്കുന്ന വസ്തുവിന് മൂല്യനിർണ്ണയം നടത്തുന്ന കാലയളവിലെ സാഹചര്യങ്ങൾ കണക്കിലെടുത്ത് നിശ്ചയിക്കുന്ന വില, പരിസ്ഥിതി സംബന്ധമായി സർക്കാർ ഭാഗത്തുനിന്നുണ്ടാവുന്ന നയം മാറ്റം കാരണം പിന്നീട് വ്യത്യാസപ്പെടുന്നതിന് ഉദ്യോഗസ്ഥർ ഉത്തരവാദികളാവുമോയെന്ന് പരിശോധിക്കുമോ; | (എ) | ഓരോ കേസിന്റെയും എല്ലാ ഘടകങ്ങളും പ്രദേശത്തിന്റെയും വസ്തുവിന്റെയും സവിശേഷതകളും വിശകലനം ചെയ്ത് മാത്രമേ ഇക്കാര്യം പരിശോധിക്കാൻ കഴിയുകയുള്ളൂ. |
| (ബി) | കെ.എസ്.എഫ്.ഇ. ഈങ്ങാപ്പുഴ ബ്രാഞ്ചിൽ നിന്ന് റിട്ടയർ ചെയ്ത സീനിയർ മാനേജർ സി. ശ്രീധരന്റെ ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള റിട്ടയർമെന്റ് ആനുകൂല്യങ്ങൾ തടഞ്ഞുവെച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | ഗ്രാറ്റുവിറ്റി മാത്രം അനുവദിച്ചിട്ടുണ്ട്.<br><br>ശ്രീ.ശ്രീധരൻ.സി, കെ.എസ്.എഫ്.ഇ യുടെ തിരുവമ്പാടി ബ്രാഞ്ചിൽ മാനേജരായി ജോലി ചെയ്തിരുന്ന അവസരത്തിൽ വഴിയില്ലാത്ത വസ്തു ഈടായി സ്വീകരിച്ച്ചിട്ടി/ലോൺ തുക വിതരണം ചെയ്യുകയും വസ്തു ഈടായി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട നിയമങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തുകയും ചെയ്തു. പ്രസ്തുത അക്കൗണ്ട് കുടിശ്ശികയായതിനെ തുടർന്ന് റവന്യു റിക്കവറി നടത്തുന്നതിന് കമ്പനി ശ്രമിച്ചെങ്കിലും ഈടായി സ്വീകരിച്ച വസ്തുവിലേയ്ക്ക് വഴിയില്ലാത്തതിനാൽ നടപടികൾ സ്വീകരിക്കാൻ സാധിക്കാതെ വരികയും കമ്പനിയ്ക്ക് ഭീമമായ നഷ്ടം വരുകയും ചെയ്തു. കൃത്യ |

| | | | |
|---|---|---|---|
| | | | നിർവ്വഹണവുമായി ബന്ധപ്പെട്ട് ജീവനക്കാർ വരുത്തുന്ന വീഴ്ച്ചകൾ മൂലം കമ്പനിയ്ക്ക് ഉണ്ടാകുന്ന ഇത്തരത്തിലുള്ള നഷ്ടം നികത്തുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമെ വിരമിക്കൽ ആനുകൂല്യങ്ങൾ നൽകാറുള്ളൂ. ഇടപാടുകാർ ഈ ബാദ്ധ്യത തീർക്കുമ്പോൾ അല്ലെങ്കിൽ വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ കമ്പനി തുക വസൂലാക്കുമ്പോൾ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതാണ് |
| (സി) | അദ്ദേഹം വില നിശ്ചയിച്ച വസ്തുവിന്, റവന്യൂ അധികാരികൾ നൽകിയ രേഖയിൽ വസ്തുവിലേക്കുള്ള റോഡ് അടയാളപ്പെടുത്തിയിട്ടുണ്ടോ; | (സി) | കോഴിക്കോട് സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ (റവന്യൂ റിക്കവറി) 02.05.2017 ലെ റിപ്പോർട്ട് പ്രകാരം പ്രസ്തുത വസ്തുവിലേയ്ക്ക് വഴി ഇല്ല. |
| (ഡി) | അദ്ദേഹത്തിന്റെ സഹകരണത്തോടെ, ഈ വസ്തു വിൽപന നടത്തി വൺ ടൈം സെറ്റിൽമെന്റ് പദ്ധതി പ്രകാരമുള്ള ഇളവുകളോടെ, കെ.എസ്.എഫ്.ഇ.ക്ക് ലഭിക്കാനുള്ള തുക ഈടാക്കുന്നതിനെക്കുറിച്ച് തീരുമാനിക്കുമോ; | (ഡി) & (ഇ) | ഇക്കാര്യത്തിൽ നിലവിലുള്ള വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ഇ) | എങ്കിൽ ഇക്കാര്യത്തിൽ ഹെഡ് ഓഫീസ് തലത്തിൽ അദ്ദേഹത്തെ വിളിച്ചുവരുത്തി തീരുമാനമുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ.